# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 01/26 (233rd ) Meeting of the Syndicate held on 17.02.2026 at 11.30 a.m at University Head Quarters, Kalady

**Members Present:**

| | | | |
|---|---|---|---|
| 1. | പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. | അഡ്വ. കെ പ്രേംകുമാർ, എം എൽ എ | - | ഒപ്പ് |
| 3. | അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. | ഡോ. മിനി ടി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. | ഡോ. ഓമന പി വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. | ഡോ. വി. ലിസ്സി മാത്യൂ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. | ശ്രീ. മിഥുൻ എം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. | പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. | ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. | ഡോ. സിന്ധു അന്തർജനം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. | ഡോ. വിനീത് ആർ എസ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. | ഡോ. ബി അശോക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 13. | ശ്രീ ആർ അജയൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 14. | ഡോ. ശ്രീകല ദേവി, സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |
| 15. | പ്രൊഫ. കെ ഉണ്ണികൃഷ്ണൻ , സിൻഡിക്കേറ്റംഗം | - | ഓൺലൈൻ |

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

**Item No 1**

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രശസ്ത ചലചിത്ര നടനും, തിരകഥാകൃത്തും സംവിധായകനുമായ ശ്രീ ശ്രീനിവാസൻ, സർവകലാശാലയിലെ മലയാള വിഭാഗം ഗസ്റ്റ് അധ്യാപകനായ ഡോ. ഷൈജു. വി., സർവകലാശാലയിലെ സംസ്കൃത വേദാന്ത വിഭാഗം മുൻ അധ്യക്ഷനായിരുന്ന റിട്ടയേർഡ് പ്രൊഫ. ഡോ. പി. ചിദംബരൻ, മുൻ മന്ത്രി ശ്രീ. വി.കെ ഇബ്രാംഹിം കുഞ്ഞ്, പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. മാധവ് ഗാഡ്ഗിൽ എന്നിവരുടെ നിര്യാണത്തിലും, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

19.12.2025 തീയതിയിലെ 232-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സയൻസ്, ടെക്നോളജി ആന്റ് എഡ്യൂക്കേഷൻ ഫാക്കൽറ്റിയുടെ പുതിയ ഡീനായി പ്രൊഫ. കെ.പി മീരയെ (റിട്ടയേർഡ് പ്രൊഫസർ, എഡ്യൂക്കേഷൻ വിഭാഗം, കോഴിക്കോട് സർവകലാശാല) ചാൻസലർ നാമനിർദ്ദേശം ചെയ്തു.
2. സർവകലാശാല അക്കാദമിക് കൗൺസിലിലേക്ക് വിദ്യാർത്ഥി പ്രതിനിധികളായി ശ്രീ. വിവേക് നാരായണൻ ബി.എൻ (എം.എ ജ്യോഗ്രഫി), ശ്രീമതി വൈശാഖി സുരേഷ് (ഇംഗ്ലീഷ് വിഭാഗം ഗവേഷക) എന്നിവരെ ചാൻസലർ നാമനിർദ്ദേശം ചെയ്തു.
3. സർവകലാശാല കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 6, 7, 8 തീയതികളിലായി ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഡോ. പി. നാരായണൻ നമ്പൂതിരി (Rtd. Professor & Director, Institutite of Vedic and Cultural Studies, Devaswom Board, Guruvayur) മുഖ്യ പ്രഭാഷണം നടത്തി.
4. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സെന്റർ ഫോർ ട്രാൻസ്ലേഷൻ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 07, 08 തീയതികളിലായി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ പ്രൊഫ. സോമേശ്വർ സതി (ഡൽഹി യൂണിവേഴ്സിറ്റി) 'Bridging voices: Emerging Trends in Disability Translation Across Languages and Cultures' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി.
5. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 6, 7, 8 തീയതികളിലായി ദേശീയ ശാസ്ത്ര സദസ്സ് സംഘടിപ്പിച്ചു.

6. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. വി. വെങ്കടരാജ ശർമ്മ എൻഡോവ്മെന്റ് പ്രോഗ്രാം 2026 ജനുവരി 8 -ാം തീയതി സംഘടിപ്പിച്ചു.

7. കേരള നിയമസഭാ മന്ദിരത്തിൽ വച്ച് 2026 ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിച്ച നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ സർവകലാശാല പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും വില്പനയും നടത്തി.

8. സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ " ഹിന്ദി കഥകളിൽ ആധുനികതാ വിമർശനത്തിന്റെ സന്ദർഭങ്ങൾ " എന്ന വിഷയത്തിൽ 2026 ജനുവരി 6, 7, 8 തീയതികളിലായി ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു.

9. സർവകലാശാലയുടെ മുഖ്യ ക്യാമ്പസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയീസ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ 2026 ജനുവരി 8-ാം തീയതി ദേശീയ സെമിനാർ സംഘടിപ്പിച്ചു. ബഹു. അങ്കമാലി എം.എൽ.എ ശ്രീ. റോജി എം. ജോൺ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വൈസ്ചാൻസലർ അധ്യക്ഷത വഹിച്ചു.

10. സർവകലാശാല മുഖ്യകേന്ദ്രത്തിൽ ഇംഗ്ലീഷ് വകുപ്പും, ഹയർ സെക്കൻഡറി ഡയറക്ടറേറ്റും, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റും (SCERT) സംയുക്തമായി ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകർക്കായി 10 ദിവസത്തെ (2026 ജനുവരി 07 മുതൽ 16 വരെ) റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് സംഘടിപ്പിച്ചു. ചടങ്ങിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

11. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സർവകലാശാലയും കേന്ദ്ര സാഹിത്യ അക്കാദമിയും സംയുക്തമായി 2026 ജനുവരി 09, 10 തീയതികളിലായി "ശങ്കര മനീഷ" എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ സംസ്കൃതം ഉപദേശക സമിതി കൺവീനർ ഡോ. ഹരേകൃഷ്ണ സതാപതി മുഖ്യാതിഥിയായി. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. സി. രാജേന്ദ്രൻ മുഖ്യ ഭാഷണം നടത്തി.

12. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വേദാന്ത വകുപ്പിന്റെ നേതൃത്വത്തിൽ 2026 ജനുവരി 07,08,09 തീയതികളിലായി രണ്ടാംഘട്ട ശ്രീ ശങ്കര ലക്ചർ സീരീസിന്റെ ഭാഗമായി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പ്രൊഫ. സതീശ കെ.എസ് (നാഷണൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി, തിരുപ്പതി) വിവിധ വിഷയങ്ങളിൽ മൂന്ന് ദിവസവും പ്രഭാഷണം നടത്തി.

13. സർവകലാശാല മുഖ്യകേന്ദ്രത്തിൽ മോഹിനിയാട്ടം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 12,13,14 തീയതികളിലായി "Dance Education – significance & Challenges" എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

14. കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 14,15,16 തീയതികളിലായി ഡോ. പ്രദീപൻ പാമ്പിരിക്കുന്ന് അനുസ്മരണ സെമിനാറും, സ്മാരക പ്രഭാഷണവും സംഘടിപ്പിച്ചു.

15. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സെന്റർ ഫോർ ഡിസാസ്റ്റർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 16, 23, ഫെബ്രുവരി 10 എന്നീ തീയതികളിലായി " Disaster

Management Sensitization for College Students" എന്ന വിഷയത്തിൽ അക്കാദമിക് ഡെവലപ്മെന്റ് എക്സ്റ്റൻഷൻ & ഡോക്യുമെന്റേഷൻ പ്രോഗ്രാം (ADEP) സംഘടിപ്പിച്ചു.

16. സർവകലാശാല മുഖ്യകേന്ദ്രത്തിൽ പെയിന്റിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 15, 16 തീയതികളിലായി Terracotta Sculpture workshop സംഘടിപ്പിച്ചു.

17. സർവകലാശാല മുഖ്യകേന്ദ്രത്തിൽ ഹിസ്റ്ററി വിഭാഗവും കേരള കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചും സംയുക്തമായി 2026 ജനുവരി 14,15 തീയതികളിലായി " Rethinking Keralam: Landscapes & Social Configurations എന്ന വിഷയത്തിൽ നാഷണൽ കോൺഫറൻസ് സംഘടിപ്പിച്ചു.

18. കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ ഉറുദു വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 19, 20, 21 തീയതികളിലായി "Recent Trends in Urudu Language & Literature" എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

19. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 22,23 തീയതികളിലായി "Crafting the Ideas of University Museum" എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

20. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിൽ സോഷ്യൽവർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 22, 23 തീയതികളിലായി " De Contextualizing social work in India: Prospects and challenges" എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

21. 2026 ജനുവരി 26 ന് ന്യൂഡൽഹിയിൽ വച്ച് നടന്ന റിപ്പബ്ലിക് ദിന പരേഡിൽ സർവകലാശാലയിലെ മോഹിനിയാട്ടം വിഭാഗത്തിലെ 10 വിദ്യാർത്ഥികൾ പങ്കെടുത്തു.

22. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സോഷ്യൽവർക്ക് വിഭാഗത്തിന്റേയും കേരള സോഷ്യൽ ജസ്റ്റിസ് വിഭാഗത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ 2026 ജനുവരി 28 ന് "Beyond Punishment: Reimagining correctional Administration for Justice Rehabilitation and Social Reintegration" എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

23. ഇന്ത്യയുടെ 77 മത് റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി 2026 ജനുവരി 26 ന് സർവകലാശാല മുഖ്യകേന്ദ്രത്തിലും പ്രാദേശിക കേന്ദ്രങ്ങളിലും ദേശീയ പതാക ഉയർത്തി.

24. സർവകലാശാല മുഖ്യകേന്ദ്രത്തിൽ വേദിക് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 29 ന് "Kerala Astronomy History, Tradition and Relevance" എന്ന വിഷയത്തിൽ ഡോ. സി.എം. നീലകണ്ഠൻ എൻഡോവ്മെന്റ് പ്രഭാഷണം സംഘടിപ്പിച്ചു.

25. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 03,04,05 തീയതികളിലായി " National Textual Workshop on Dhvanyaloka" എന്ന വിഷയത്തിൽ ദേശീയ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

26. ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 09 മുതൽ 16 വരെയുള്ള തീയതികളിലായി " Dialogues in Indian Knowledge Traditions: Trends, Contexts and Praxis" എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

27. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ രൂപകൽപന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 16 ന് "Design Thinking Workshop" സംഘടിപ്പിച്ചു.

28. സർവകലാശാല മുഖ്യകേന്ദ്രത്തിൽ ഐ.ക്യു.എ.സി യുടെ ആഭിമുഖ്യത്തിൽ സർവകലാശാലയിലെ അധ്യാപകർക്കായി 02.02.2026 മുതൽ 06.02.2026 വരെയും ലൈബ്രറി ജീവനക്കാർക്കായി 13.01.2026 മുതൽ 17.01.2026 വരെയും അഞ്ചു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. കൂടാതെ സർവകലാശാലയിലെ ഭരണ വിഭാഗം ജീവനക്കാർക്കായി 17.02.2026 മുതൽ 21.02.2026 വരെ അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

29. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ (KSHEC) ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 09 മുതൽ 11 വരെ തിരുവനന്തപുരത്തെ ഗവൺമെന്റ് വിമൻസ് കോളേജിൽ വച്ച് നടന്ന National Research Conference & Kerala Higher Education Expo 2026 ൽ സർവകലാശാല പങ്കെടുത്തു.

30. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സംസ്കൃത ന്യായ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 11 മുതൽ 17 വരെയുള്ള തീയതികളിലായി "Digital future of Sanskrit: Tool, Techniques and Training എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു.

31. സർവകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ ഫിലോസഫി വിഭാഗവും ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ചും സംയുക്തമായി 2026 ഫെബ്രുവരി 16,17 തീയതികളിലായി "International Seminar on Epistemic Foundation of Idealistic Traditions: Drawing Parallels between Indian & Western Thoughts" എന്ന വിഷയത്തിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു.

32. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗവും, മലയാള വിഭാഗവും, എൻ.വി. സ്മാരക സമിതിയും സംയുക്തമായി 2026 ഫെബ്രുവരി 17 ന് എൻ.വി. കൃഷ്ണ വാരിയർ അനുസ്മരണം സംഘടിപ്പിക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

33. സർവകലാശാല മലയാളം വകുപ്പിന്റെ റിസർച്ച് ജേണൽ "ചെങ്ങഴി" യ്ക്ക് ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ (ICSSR) രണ്ട് ലക്ഷം രൂപയുടെ ഗ്രാന്റ് ലഭിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

34. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും സെമിനാറുകളും വെബിനാറുകളും ശില്പശാലകളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No:2**

2026-2027 വർഷത്തെ വാർഷിക ബജറ്റും, 2025-2026 വർഷത്തെ റിവൈസ്ഡ് ബജറ്റും അംഗീകരിക്കുന്നത് സംബന്ധിച്ച്

17.02.2026 ൽ കൂടിയ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, 2026-2027 വർഷത്തെ വാർഷിക ബജറ്റും, 2025-2026 വർഷത്തെ റിവൈസ്ഡ് ബജറ്റും അംഗീകരിക്കാൻ തീരുമാനിച്ചു.

| BUDGET ESTIMATES FOR 2026-27 AT A GLANCE | | | | | |
|---|---|---|---|---|---|
| RECEIPTS | | | | | |
| **Accounts 2024-25** | **Budget Estimates 2025-26** | **Actual Receipt upto 31.12.2025** | **Revised Estimates 2025-26** | **Head** | **Budget Estimates 2026-27** |
| 78,91,21,732 | 81,57,23,000 | 60,13,89,879 | 81,57,23,000 | PART I - NON PLAN | 90,60,61,000 |
| 4,34,38,000 | 28,38,00,000 | 4,50,00,000 | 28,38,00,000 | PART II - PLAN | 30,67,00,000 |
| 31,72,890 | 46,00,000 | 25,77,248 | 46,00,000 | PART III - EARMARKED FUNDS | 72,00,000 |
| 22,46,89,519 | 44,52,00,000 | 17,73,38,753 | 44,52,00,000 | PART IV - DEBTS & DEPOSITS | 43,86,00,000 |
| **106,04,22,141** | **154,93,23,000** | **82,63,05,880** | **154,93,23,000** | **TOTAL RECEIPTS** | **165,85,61,000** |
| | | | | | |
| EXPENDITURE | | | | | |
| **Accounts 2024-25** | **Budget Estimates 2025-26** | **Actual Expenditure upto 31.12.2025** | **Revised Estimates 2025-26** | **Head** | **Budget Estimates 2026-27** |
| 77,66,74,401 | 96,13,00,000 | 58,05,43,527 | 95,62,06,900 | PART I - NON | 103,99,00,000 |

| | | | | | |
|---|---|---|---|---|---|
| | | | | PLAN | |
| 5,71,38,331 | 28,38,00,000 | 3,84,80,542 | 28,38,00,000 | PART II - PLAN | 28,62,00,000 |
| 31,46,407 | 46,00,000 | 45,72,887 | 46,00,000 | PART III - EARMARKED FUNDS | 72,00,000 |
| 28,62,97,906 | 44,52,00,000 | 18,09,69,714 | 44,52,00,000 | PART IV - DEBTS & DEPOSITS | 43,86,00,000 |
| **1,12,32,57,045** | **1,69,49,00,000** | **80,45,66,670** | **1,68,98,06,900** | **TOTAL EXPENDITURE** | **1,77,19,00,000** |

# ADDITIONAL AGENDA

**Item No. 1**

Placement of Teachers to the post of Associate Professor under Career Advancement Scheme in the Department of Sociology-reg (No. 04288/ADD1/SSUS/2025(1))

Resolved to approve placement of Dr. Biju Vincent, Assistant Professor Academic Level 12 (Department of Sociology) to Associate Professor Academic Level 13 A under Career Advancement Scheme.

**Item No. 2**

Placement of Teachers to the post of Professor, Associate Professor under Career Advancement Scheme in the Department of Painting -reg (No. 02700/ ADD1/SSUS/2025(1))

Resolved to approve placement of Dr. T G Jyothilal and Dr. Saju T S to the post of professor Academic Level 14 and Associate Professor Academic Level 13 A respectively under Career Advancement Scheme, in the Department of Painting.

**Item No. 3**

Placement of Teachers to the post of Associate Professor & Assistant Professor with higher AGP under Career Advancement Scheme in the Department of Social Work-reg (No. 02496/ADD1/SSUS/2025(1))

Resolved to approve placement of Dr. Anitha A and Dr. Reshma Bharadwaj to the post of Associate Professor Academic Level 13 A and Assistant Professor Academic Level 12 respectively under Career Advancement Scheme, in the Department of Social Work.

**Item No. 4**

അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ സമർപ്പിക്കുന്നത് -സംബന്ധിച്ച്.(No. 00356/ ADD1/SSUS/2026(1))

ഗവർണ്ണറുടെ ഓഫീസിൽ നിന്നുള്ള കത്തുകളുടെ അടിസ്ഥാനത്തിൽ മേൽ വിഷയം വിശദമായി ചർച്ച ചെയ്തു. ഗവർണറുടെ നോമിനികളായ 4 സിൻഡിക്കേറ്റംഗങ്ങൾ, വൈസ് ചാൻസലർ സാമ്പത്തിക ലാഭമുണ്ടാക്കാൻ വേണ്ടി D.Lit നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ബഹു ഗവർണർക്ക് പരാതി നൽകിയത് സംബന്ധിച്ച് മറുപടി നൽകുവാൻ വൈസ് ചാൻസലർ ആവശ്യപ്പെട്ടു. വൈസ് ചാൻസലർ സാമ്പത്തിക ലാഭമുണ്ടാക്കിയെന്ന് അഭിപ്രായമില്ലായെന്ന് ഡോ. സിന്ധു അന്തർജനം അഭിപ്രായപ്പെട്ടു. സിൻഡിക്കേറ്റ് അംഗം ഡോ. വിനീതിന് വിശ്വസനീയമായ ഉറവിടത്തിൽ നിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പരാതി നൽകിയതെന്ന് ഡോ. കെ ഉണ്ണികഷ്ണൻ അഭിപ്രായപ്പെട്ടു. വിശദമായ ചർച്ചകൾക്ക് ശേഷം വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ് 4 സിൻഡിക്കേറ്റ് അംഗങ്ങൾ ബഹു. ഗവർണ്ണർക്ക് നൽകിയതെന്ന് സിൻഡിക്കേറ്റ് കണ്ടെത്തുകയും, ഈ വിഷയത്തിൽ സിൻഡിക്കേറ്റിന്റെ അപ്രീതി അറിയിക്കുകയും, ബഹു. ഗവർണ്ണർക്ക് വിശദമായ മറുപടി നൽകാൻ തീരുമാനിക്കുകയും ചെയ്തു.

2021 ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ആക്ട്, സ്റ്റാറ്റൃട്ട്, യുജിസി റെഗുലേഷൻ 2018 എന്നിവ പ്രകാരമുള്ള തുടർ നടപടികളുമായി മുന്നോട്ട് പോകാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ട് 5 വർഷമായി എന്നതിനാലും, EWS റിസർവേഷൻ ഇല്ലായെന്നതിനാലും ഇക്കാര്യത്തിൽ ഡോ. വിനീത് ആർ എസ്, പ്രൊഫ. കെ ഉണ്ണികൃഷ്ണൻ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി.

**Item No. 5**

സർവകലാശാലയിലെ ഹിസ്റ്ററി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Emerging Histories: Researchers' graduate meet നടത്തുന്നത് സംബന്ധിച്ച് (No. 02664/ACDC1/SSUS/2025(1))

05.02.2026 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടേയും, 11.02.2026 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടേയും ശിപാർശ പരിഗണിച്ച്, Emerging Histories: Researchers' graduate meet, 2026 ഫെബ്രുവരി മാസത്തിനുള്ളിൽ നടത്തി തീർക്കാമെങ്കിൽ പ്ലാൻ ഗ്രാന്റിൽ നിന്നും 9227-01 Research Development Cell എന്ന ശീർഷകത്തിൽ ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 6**

Equivalency Committe, DRC, Guideship Scruitiny Committe എന്നിവയിൽ പങ്കെടുക്കുന്ന പുറമേ നിന്നുള്ള അംഗങ്ങൾക്ക് ഹോണറേറിയം നൽകുന്നത് സംബന്ധിച്ച് (No. 04226/ ACDA2/ SSUS/2025(1))

05.02.2026 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടേയും, 11.02.2026 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടേയും ശിപാർശ പരിഗണിച്ച്, RAC യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഹോണറേറിയമായി കൊടുക്കുന്ന 2000/- രൂപ തന്നെ Equivalency Committe, DRC, Guideship Scruitiny Committe എന്നിവയുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന പുറമെനിന്നുള്ള അംഗങ്ങൾക്ക് ഹോണറേറിയമായി നൽകുന്നതിന് തീരുമാനിച്ചു.

**Item No. 7**

Application for recognition as research guide in Centre for Translation Studies from Dr. Lisha C R, Assistant Professor, Dept. of Sanskrit General, & Dr. Jayalakshmi V, Assistant Professor, Sanskrit Vedanta Consideration of-reg (No. 01795/ ACDA2/ SSUS/ 2025(1))

11.02.2026 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഡോ. ലിഷ സി ആർ, ഡോ. ജയലക്ഷ്മി വി എന്നിവർക്ക് Centre for Translation Studies -ൽ അഡീഷണൽ ഗൈഡ്ഷിപ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**Item No. 8**

പ്രബന്ധം സമർപ്പിക്കാൻ അധിക സമയം അനുവദിക്കുന്നത് സംബന്ധിച്ച് (No. 02671/ ACDA2/SSUS/2025(1))

11.02.2026 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സംസ്കൃത വ്യാകരണ വിഭാഗം ഇന്റഗ്രേറ്റഡ് എംഫിൽ പി എച്ച് ഡി ഗവേഷക ലക്ഷ്മിദേവി ഇ കെ-യ്ക്ക് പ്രബന്ധം സമർപ്പിക്കുന്നതിന് 30.04.2026 വരെ സമയം അനുവദിക്കുന്നതിന് തീരുമാനിച്ചു.

**Item No. 9**

2016 അഡ്മിഷൻ ബി എഫ് എ വിദ്യാർത്ഥിനി ഡിംപിൾ ദേവസ്സിയുടെ ഗ്രേസ് മാർക്കിനുള്ള എലിജിബിലിറ്റി - സംബന്ധിച്ച് (No. 02929/ACDB3/SSUS/2025(1))

11.02.2026 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഈ വിഷയത്തിൽ ലീഗൽ വിഭാഗത്തിന്റെ അഭിപ്രായം ലഭ്യമാക്കുവാൻ തീരുമാനിച്ചു.

**Item No. 10**

മാർച്ച് 7, 8, 9 തീയതികളിൽ കാലടി മുഖ്യകേന്ദ്രത്തിൽ വച്ചു All India Inter University Best Physique മത്സരത്തിന്റെ നടത്തിപ്പിന് ചെലവായ അധികം തുക തിരികെ അനുവദിക്കണമെന്ന അപേക്ഷയിൽ തീരുമാനം സ്വീകരിക്കേണ്ടത് സംബന്ധിച്ച് (No. 00003/SSC2/SSUS/2025 (1))

05.02.2026 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, നോൺ പ്ലാൻ ഫണ്ടിൽ നിലവിൽ തുക ഇല്ലാത്തതിനാൽ All India Inter University Best Physique മത്സരത്തിന്റെ നടത്തിപ്പിന് ചെലവായ അധികം തുക അനുവദിക്കുന്നത് തല്ക്കാലം പരിഗണിക്കേണ്ടതില്ല എന്നും, വകുപ്പുമേധാവിയിൽ നിന്നും ഒരു വിശദീകരണം കേട്ടതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും തീരുമാനിച്ചു.

**Item No. 11**

ദിവസ വേതന/കരാർ ജീവനക്കാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് (No. 01837/ ADC1/ SSUS/2025 (1))

05.02.2026 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ദിവസ വേതന/കരാർ ജീവനക്കാരുടെ വേതന വർദ്ധനവ് സർവകലാശാലയ്ക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കുന്നത് എന്നതിനാൽ ഇത്തരത്തിലുള്ള ഉത്തരവുകൾ സർക്കാർ ഇറക്കുമ്പോൾ സർവകലാശാലയിൽ ഇതിനു മുമ്പ് എങ്ങനെയാണ് തുടർ നടപടികൾ സ്വീകരിച്ചതെന്ന് പരിശോധിക്കാനും, ഉത്തരവിൽ പറഞ്ഞിട്ടുള്ള വർദ്ധനവിൽ എത്രമാത്രം നൽകാം എന്നതിനെപ്പറ്റി ഫിനാൻസ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് സ്വീകരിച്ച് സിൻഡിക്കേറ്റിൽ സമർപ്പിക്കാനും തീരുമാനിച്ചു.

**Item No. 12**

ലൈബ്രറി ബുക്ക് വാങ്ങുന്നതിനുള്ള 02.02.2026 ൽ കൂടിയ Library Advisory Committe യുടെ minutes തീരുമാനങ്ങൾ സംബന്ധിച്ച് (No. 00508/LIB1/SSUS/2026(1))

11.02.2026 ലെ ലൈബ്രറി കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ലൈബ്രറി അഡ്വൈസറി കമ്മിറ്റിയുടെ 02.02.2026 തീയതിയിലെ നിർദ്ദേശങ്ങളും, 11.02.2026 തീയതിയിലെ വകുപ്പധ്യക്ഷൻമാരുമായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി (ലൈബ്രറി) അംഗങ്ങൾ കൈക്കൊണ്ട ചർച്ചയുടെ അടിസ്ഥാനത്തിലും താഴെ കൊടുത്തിരിക്കുന്നവയ്ക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചു.

1. 02.02.2026 തീയതിയിലെ ലൈബ്രറി അഡ്വൈസറി കമ്മിറ്റി കൈക്കൊണ്ട നിർദ്ദേശങ്ങളിൽ 1,2,4,5 ഇനങ്ങൾ അംഗീകരിക്കുവാൻ ശുപാർശ ചെയ്തു. ഇക്കാര്യത്തിൽ ഇനം 3-ലെ പെയിന്റിംഗ് വിഭാഗത്തിന് ആവശ്യമായ ബുക്കുകൾ മോഡേൺ ബുക്ക് സെന്റർ തിരുവനന്തപുരം ഏജൻസിയിൽ

നിന്നും ലഭ്യമാണ് എന്നതിനാൽ പ്രസ്തുത വിഭാഗം ബുക്കുകൾ IDB(New Delhi) -ക്ക് പകരം മോഡേൺ ബുക്ക് സെന്റർ, തിരുവനന്തപുരത്തിന് നൽകുവാൻ തീരുമാനിച്ചു.

2. 02.02.2026 തീയതിയിലെ ലൈബ്രറി അഡ്വൈസറി കമ്മിറ്റി ഇനം 6-ലെ നിർദ്ദേശപ്രകാരം ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ് സമർപ്പിച്ച 06.02.2026 എസ്റ്റിമേറ്റ്/ലിസ്റ്റിൽ നിന്നും, ഇൻഫ്രാസ്ട്രക്ചർ, D-SPACE കാര്യങ്ങൾക്കു അടിയന്തിരമായി ആവശ്യമുള്ള

(1) കോഹ സോഫ്റ്റ് വെയർ അപ്ഡേഷൻ (30000/- + GST)

(2) പ്രിന്റർ, ബാർകോഡ് പ്രിന്റർ, കോഡ്ലെസ് ബാർകോഡ് റീഡർ (Total – 70000/-) എന്നിവയുടെ 3, 5 ഇനങ്ങളും

(3) രണ്ട് കമ്പ്യൂട്ടർ (1,00,000/- + GST)

എന്നിവ വാങ്ങുവാൻ തീരുമാനിച്ചു.

3. മേൽ വിവരിച്ചതിൽ ലൈബ്രറി ബുക്ക് പർച്ചേസിന് ബാധകമായ മാർഗ്ഗനിർദ്ദേഷങ്ങൾ പാലിക്കേണ്ടതാണ്.

4. സർവകലാശാല 2025-26 ലെ പർച്ചേസ് നടപടികളുടെ ഭാഗമായി നിലവിൽ കൈക്കൊണ്ട വിതരണ ഉത്തരവ്, സപ്ലൈ, പേയ്മെന്റ് നടപടികൾക്ക് വിതരണക്കാർ/പ്രസാധകർ 75% ബുക്കുകൾ വിതരണ ഉത്തരവ് പ്രകാരം നല്കിയിരിക്കണമെന്ന ലൈബ്രറി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള വ്യവസ്ഥിയിൽ ഇളവ് നല്കിയ ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുവാൻ തീരുമാനിച്ചു.

## Item No. 13

പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട് IV മുൻപാകെ CC 242/2019 കേസ് കോമ്പൗണ്ട് ചെയ്യുന്നത് സംബന്ധിച്ച് (No. 03838/LEG1/SSUS/2023(1)

പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട് IV മുൻപാകെയുള്ള CC 242/2019 കേസ് കോമ്പൗണ്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

## Item No. 14

2025 ഒക്ടോബർ മാസത്തിൽ സീറോ സെമസ്റ്റർ (ഒന്നാം സെമസ്റ്റർ) പരീക്ഷ എഴുതി ഹിസ്റ്ററി, സംസ്കൃതം വേദാന്തം എന്നീ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കിയ 2023 പ്രവേശനത്തിലെ വിദ്യാർത്ഥികളുടെ പരീക്ഷ ഫലം അംഗീകരിക്കുന്നതും, ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച് (No. 01908/EXAMB1/SSUS/2025(1))

2025 ഒക്ടോബർ മാസത്തിൽ സീറോ സെമസ്റ്റർ (ഒന്നാം സെമസ്റ്റർ) പരീക്ഷ എഴുതി ഹിസ്റ്ററി, സംസ്കൃതം വേദാന്തം എന്നീ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തിയാക്കിയ 2023 പ്രവേശനത്തിലെ വിദ്യാർത്ഥികളുടെ പരീക്ഷ ഫലം അംഗീകരിക്കാനും, ഡിഗ്രി അവാർഡ് ചെയ്യുവാനും തീരുമാനിച്ചു.

**Item No. 15**

സർക്കാർ അനുമതിയില്ലാതെ പിഴ ലഘൂകരിച്ച 228-ാംമത് സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം നിയമാനുസൃതമല്ലെന്നുള്ള CAG ഓഡിറ്റ് പരാമർശം സംബന്ധിച്ച് (No. 03726/ENGG3/SSUS/2024(1))

റിപ്പോർട്ട് ശ്രദ്ധിച്ചു.

**Item No. 16**

കലക്കത്തു ഗോവിന്ദൻ നമ്പ്യാർ എൻഡോവ്മെന്റിമോട് അനുബന്ധിച്ച് നൽകുന്ന സ്കോളർഷിപ്പ് തുക 1000/- രൂപയിൽ നിന്ന് 5000/- രൂപയായി വർധിപ്പിക്കുന്നത് -സംബന്ധിച്ച് (No. 01238/ACDC1/SSUS/2024(1))

കലക്കത്തു ഗോവിന്ദൻ നമ്പ്യാർ എൻഡോവ്മെന്റിമോട് അനുബന്ധിച്ച് നൽകുന്ന സ്കോളർഷിപ്പ് തുക 1000/- രൂപയിൽ നിന്ന് 5000/- രൂപയായി വർധിപ്പിക്കുന്നത് അംഗീകരിച്ചു.

**Item No. 17**

ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, കണ്ടക്ട് സർട്ടിഫിക്കറ്റ് -സെർച്ച് ഫീ ഈടാക്കുന്നത് -റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് (No. 04811/ACDC2/SSUS/2025(1))

റിപ്പോർട്ട് അംഗീകരിച്ചു.

**Item No. 18**

ശ്രീ കെ ഐ കുഞ്ഞുമുഹമ്മദ് നോർത്ത് പറവൂർ അഡിഷണൽ ജില്ലാ കോടതി മുൻപാകെ ഫയൽ ചെയ്ത 2021 ലെ 43 നമ്പർ അപ്പീൽ സ്യൂട്ടിൽ സർവകലാശാലയ്ക്ക് വേണ്ടി അഡ്വ. എം രാജേന്ദ്രൻ ഹാജരായത് സാധൂകരിക്കുന്നത് സംബന്ധിച്ച് (No. 03126/ LEG1/ SSUS/2025(1))

ശ്രീ കെ ഐ കുഞ്ഞുമുഹമ്മദ് നോർത്ത് പറവൂർ അഡിഷണൽ ജില്ലാ കോടതി മുൻപാകെ ഫയൽ ചെയ്ത 2021 ലെ 43 നമ്പർ അപ്പീൽ സ്യൂട്ടിൽ സർവകലാശാലയ്ക്ക് വേണ്ടി അഡ്വ. എം രാജേന്ദ്രൻ ഹാജരായതും 1,18,500/- (ഒരു ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്) രൂപയുടെ ചെലവും അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 19**

നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച അധ്യാപക തസ്തികകളിലെ നിയമനപ്രക്രിയയുമായി മുന്നോട്ടു പോകുന്നത് സംബന്ധിച്ച് 24.10.2025 തീയതി നടന്ന യോഗത്തിൽ പങ്കെടുത്ത സർവകലാശാല സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ. ദിനേഷ് മാത്യൂ ജെ മുരിക്കൻ അടക്കമുള്ള മൂന്ന് അഭിഭാഷകർക്ക്

TA/DA, സിറ്റിംഗ് ഫീ അനുവദിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച് (No. 04758/LEG1/SSUS/2025(1))

സാധൂകരിച്ചു.

**Item No. 20**

കാലടി മുഖ്യ കേന്ദ്രത്തിൽ Centre for Museum Studies വിഭാഗത്തിൽ വർക്ക്ഷോപ്പ് (2026) നടത്തുന്നതിന് മുൻകൂർ അനുവദിച്ചത് സിൻഡിക്കേറ്റ് സാധൂകരണത്തിന് സമർപ്പിക്കുന്നു (No. 04681/ACDC1/SSUS/2025(1))

സാധൂകരിച്ചു.

**Item No. 21**

JSTOR സബ്സ്ക്രിപ്ഷൻ സംബന്ധിച്ച് 03.06.2025 ൽ ചേർന്ന ലൈബ്രറി ഉപദേശക സമിതി യോഗത്തിന്റെ തീരുമാനം-സാധൂകരണം സംബന്ധിച്ച് (No. 02006/ LIB1/ SSUS/ 2025(1))

സാധൂകരിച്ചു.

**Item No. 22**

2017-18 സാമ്പത്തിക വർഷത്തിലെ പയ്യന്നൂർ കേന്ദ്രത്തിലെ ലൈബ്രറി പർച്ചേസിന് മുൻകൂർ വാങ്ങിയത് ക്രമീകരിക്കുന്നത് സംബന്ധിച്ച് (No. SSUS/Lib/5143/Purchase/2017-18)

അദാലത്തിന്റെ പരിഗണനയ്ക്ക് വയ്ക്കാൻ തീരുമാനിച്ചു. മാർച്ച് ആദ്യവാരത്തിൽ അദാലത്ത് നടത്താൻ തീരുമാനിച്ചു.

**Item No. 23**

വൈസ് ചാൻസലർ നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്കുള്ള സിൻഡിക്കേറ്റ് നോമിനിയെ നാമനിർദ്ദേശം ചെയ്യുന്നതു സംബന്ധിച്ച് (No. 01767/ADB2/SSUS/2024)

പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. വിനീത് ആർ എസ്, പ്രൊഫ. കെ ഉണ്ണികൃഷൻ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി.

**Item No. 24**

സർവകലാശാല ഫയൽ ചെയ്തിട്ടുള്ളതും സർവകലാശാലയെ എതിർകക്ഷിയാക്കി ഫയൽ ചെയ്തിട്ടുള്ളതുമായി സുപ്രീം കോടതിയിൽ നിലവിലുള്ള 4 Captioned കേസുകളിൽ

സർവകലാശാലയെ പ്രതിനിധീകരിച്ച് ഹാജരാകുന്നതിന് സീനിയർ അഡ്വക്കേറ്റായ Smt. Vibha Dutta Makhija, അഡ്വ. കീത്ത് വർഗീസ് എന്നിവർക്കുള്ള ഫീസ് പുന:നിശ്ചയിച്ച ബഹു. വൈസ്ചാൻസലറുടെ നടപടി സംബന്ധിച്ച് (No. 04652/LEG1/SSUS/2025(1))

സാധൂകരിച്ചു.

**Item No. 25**

18.10.2025 ലെ പന്മന പ്രാദേശിക കേന്ദ്രം വികസന സമിതി യോഗത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ സംബന്ധിച്ച് (No. 00287/ACDB1/SSUS/2026 (1))

എല്ലാ സെന്ററുകളിലേയും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പ്ലാനിംഗ് & ഡെവലപ്മെന്റ് കമ്മിറ്റിയുടേയും, അക്കാദമിക് & റിസർച്ച് കമ്മറ്റിയുടേയും പരിഗണനയ്ക്ക് വയ്ക്കാൻ തീരുമാനിച്ചു.

**Item No. 26**

ഗവേഷകർക്ക് Best Research Paper Award ഏർപ്പെടുത്തുന്നത് സംബന്ധിച്ച് (No. 04648/ IQAC/SSUS/2025(1))

അക്കാദമിക് & റിസർച്ച് കമ്മറ്റിയുടെ പരിശോധനയ്ക്കായി മാറ്റി വച്ചു.

## Out of Agenda

**Item No. 1**

KCA യുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എല്ലാം തന്നെ നിർത്തിവെക്കുന്നതിനു ഗവർണറുടെ ഓഫീസിൽ നിന്നും ലഭിച്ച കത്തിന്മേൽ തുടർനടപടികൾ നിർദേശിക്കുന്നത് സംബന്ധിച്ച് (No. 03570/EST2/SSUS/2025(1))

നിലവിലെ വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ ഒരു കത്ത് ബഹു. ഗവർണ്ണർക്ക് നൽകാൻ തീരുമാനിച്ചു.

**Item No. 2**

സംസ്കൃതം ജനറൽ ഗസ്റ്റ് ഇന്റർവ്യൂവുമായി ബന്ധപ്പെട്ട് ടീച്ചർ-ഇൻ-ചാർജ് ഡോ. ആതിര ജാതവേദൻ സമർപ്പിച്ച വിശദീകരണം സംബന്ധിച്ച് (No. 02066/ADA2/SSUS/2025(1))

സംസ്കൃതം ജനറൽ ഗസ്റ്റ് ഇന്റർവ്യൂവുമായി ബന്ധപ്പെട്ട് ടീച്ചർ-ഇൻ-ചാർജ് ഡോ. ആതിര ജാതവേദൻ സമർപ്പിച്ച വിശദീകരണം പരിശോധിക്കുകയും, പരീക്ഷ കഴിയുന്ന മുറയ്ക്ക് HoD ഷിപ്പ് പ്രൊഫസർ ജി ശ്രീവിദ്യക്ക് നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**Item No. 3**

സർവകലാശാല ക്യാമ്പസിലെ രാഷ്ട്രീയ പ്രവർത്തനം റെഗുലേറ്റ് ചെയ്യുന്നതിനായി നയം രൂപീകരിക്കുന്നത് സംബന്ധിച്ച് (No. 04656/LEG1/SSUS/2025(1))

അടിയന്തിരമായി ലീഗൽ കമ്മറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കാൻ തീരുമാനിച്ചു.

**Item No. 4**

Award of Ph.D Degree

a) Smt. Athulya Raj in Sanskrit Sahitya [No. 01834/EXAMA1/SSUS/2025(1)]
b) Smt. Jyothi L in Sanskrit Vedanta [No. 01503/EXAMA1/SSUS/2025(1)]
c) Smt. Jayalakshmi J in English [No. 02549/EXAMA1/SSUS/2025(1)]
d) Smt. Niveditha R Dileep in Sanskrit Vedanta [No. 03580/EXAMA1/SSUS/2025(1)]
e) Smt. Bineetha Joseph in Philosophy [No. 02160/EXAMA1/SSUS/2025(1)]
f) Smt. Suphi S in Sanskrit Vedanta [No. 00770/EXAMA1/SSUS/2025(1)]
g) Sri. Sujith Subramanian in Sanskrit Vyakarana [No. 00740/EXAMA1/SSUS/2025(1)]
h) Smt. Bhadra M K in Sanskrit Vyakarana [No. 01854/EXAMA1/SSUS/2025(1)]
i) Smt. Saniya Thansim K in English [No. 01286/EXAMA1/SSUS/2025(1)]
j) Smt. Chinchu P R in Hindi [No. 01563/EXAMA1/SSUS/2025(1)]
k) Sri. Vishnu V S in Sanskrit Vedanta [No. 00259/EXAMA1/SSUS/2025(1)]
l) Smt. Rethy A in Sanskrit Sahitya [No.01409/EXAMA1/SSUS/2025(1]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, the Standing Committee on Examination held on 13.02.2026 has recommended to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Athulya Raj | Sanskrit Literature | 28.01.2026 |
| b) | Smt. Jyothi L | Indian Metaphysics | 29.01.2026 |
| c) | Smt. Jayalakshmi J | Foreign Languages | 28.01.2026 |
| d) | Smt. Niveditha R Dileep | Indian Metaphysics | 30.01.2026 |
| e) | Smt. Bineetha Joseph | Art & Social Sciences | 21.01.2026 |
| f) | Smt. Suphi S | Indian Metaphysics | 18.12.2025 |
| g) | Sri. Sujith Subramanian | Sanskrit Grammer | 17.12.2025 |
| h) | Smt. Bhadra M K | Sanskrit Grammer | 16.12.2025 |
| i) | Smt. Saniya Thansim K | Foreign Languages | 06.01.2026 |

| | | | |
|---|---|---|---|
| j) | Smt. Chinchu P R | Indian Languages | 20.01.2026 |
| k) | Sri. Vishnu V S | Indian Metaphysics | 29.01.2026 |
| l) | Smt. Rethy A | Sanskrit Literature | 06.02.2026 |

a) Smt. Athulya Raj Research Scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, **"NATIONALISM AND NATIONAL MOVEMENT REFLECTED IN THE WORKS OF K SAMBHUSARMA",** under the guidance of Dr. Kiran A U, Assistant Professor, Department of Sanskrit Sahitya, SSUS, RC Ettumanoor.

b) Smt. Jyothi L Research Scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D thesis titled **"Decording the Knowledge Systems in the Dasopanisads",** under the guidence of Dr. V Vasanthakumari, Professor, Department of Sanskrit Vedanta, SSUS, Kalady.

c) Smt. Jayalakshmi J, Research scholar in English under the Faculty of Foreign Languages Ph.D. thesis titled, **"Cultural Construction of Kollam: An Exploration of Select literary Representations",** under the guidance of Dr. C M Manoj Kumar, Professor, Department of English, SSUS, Kalady.

d) Smt. Niveditha R Dileep Research scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, **"SAMANVAYA ADHYAYA IN BRAHMASŪTRA: A COMPARATIVE STUDY BASED ON RĀMĀNUJABHĀṢYA AND MĀDHVABHĀṢYA",** under the guidance of Dr. V Vasantakumari, Professor, Department of Sankrit Vedanta, SSUS, Kalady.

e) Smt. Bineetha Joseph Research scholar in Philosophy under the Faculty of Arts & Social Sciences Ph.D. thesis titled, **"The Problem of Authenticity in Heidgger And Levinas: A Study",** under the guidance of Dr. Babu M N, Assistant Professor , Department of Philosophy, SSUS, Kalady.

f) Smt. Suphi S Research scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, **"The Theme of Water in Vedic and Ayurvedic Literature**

**– An Analysis",** under the guidance of Dr. S Sheeba, Professor, Department of Sankrit Vedanta, SSUS, Kalady.

g) Sri. Sujith Subramanian Research scholar in Sanskrit Vyakarana under the Faculty of Sanskrit Grammar Ph.D. thesis titled, **कृष्णीयसहिता पूर्वभारत चम्पूः व्याकरणपरा समीक्षा",**under the guidance of Dr. Yamuna K, Professor, Department of Sanskrit Vyakarana, SSUS, Kalady.

h) Smt. Bhadra M K Research scholar in Sanskrit Vyakarana under the Faculty of Sanskrit Grammar Ph.D. thesis titled, "**केरलपाणिनीयस्य पाणिनीयदृष्ट्या समीक्षा",** under the guidance of Dr. Jinitha K S, Associate Professor, Department of Sanskrit Vyakarana, SSUS, Kalady.

i) Smt. Saniya Thansim K Research scholar in English under the Faculty of Foreign Languages Ph.D. thesis titled, "**Resisting the Regimes: A Critique of Resistance in select post –Arab Spring Novels",** under the guidance of Dr. Babu Rajan P P, Associate Professor, Department of English, SSUS, Kalady.

j) Smt. Chinchu P R Research scholar in Hindi under the Faculty of Indian Languages Ph.D. thesis titled, **"Samaj Shasthreey Parikalpana Ke Alok Mein Bhagavat Ravat Ki Kavita",** under the guidance of Dr. N R Sajila, Professor, Department of Hindi, SSUS, Kalady.

k) Sri. Vishnu V S Research scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, **" THE CONCEPTS OF TRUTH ENLIGHTENMENT AND MEDITATION IN THE RELIGION OF OSHO",** under the guidance of Dr. S Suresh Kumar, Professor (Retd.), Department of Sanskrit Vedanta, SSUS, Kalady.

l) Smt. Rethy A Research scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, "EMOTIONAL BALANCE AND EFFECTIVE COMMUNICATION DELIBERATIONS IN YOGADARŚANAM", under the guidance of Dr. K A Ravindran, Professor, Department of Sanskrit Sahitya , SSUS, Kalady.

**Item No. 5**

2012 ബി എ റഗുലേഷൻ ബാധകമായിട്ടുള്ള വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് (No. 04676/ACDB3/SSUS/2025(1))

13.02.2026 ലെ എക്സാമിനേഷൻ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, 2012 ബി എ റഗുലേഷൻ ബാധകമായിട്ടുള്ള Dance, Music, Sanskrit ഡിപ്പാർട്ടുമെന്റുകളിലെ വിദ്യാർത്ഥികൾക്ക് പരാജയപ്പെട്ട വിഷയങ്ങൾ വീണ്ടും പരീക്ഷ എഴുതി പ്രോഗ്രാം പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള ഫീസ് വാങ്ങി മേഴ്സി ചാൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചു.

## Item No. 6

സർവകലാശാല പ്രസിദ്ധീകരണങ്ങൾ – സംബന്ധിച്ച് (No. 04825/PUB1/SSUS/2025(1))

13.02.2026 ലെ പബ്ലിക്കേഷൻ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാല പബ്ലിക്കേഷൻ വിഭാഗവുമായി ബന്ധപ്പെട്ട് സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെ ചുമതല വഹിക്കുന്ന സീനിയർ പ്രൊഫസർ ഡോ. വി. ലിസ്സി മാത്യു പരിഗണനയ്ക്ക് സമർപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. 'തീർത്ഥപാദപുരാണം' പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് സീനിയർ പബ്ലിക്കേഷൻ ഓഫീസർ സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ട് അംഗീകരിക്കാനും, ഏപ്രിൽ രണ്ടാം വാരം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സീനിയർ പബ്ലിക്കേഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.
2. സായാഹ്ന (ഡിജിറ്റൽ പ്രസാധകർ - മലയാളത്തിലുള്ള ഇ വായന പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള പ്ലാറ്റ് ഫോം) ഓൺലൈൻ പൊതുസഞ്ചയത്തിന്റെ സഹകരണത്തിൽ താഴെ പറയുന്ന പുസ്തകങ്ങളുടെ പ്രസിദ്ധീകരണം.

   A ഭാഷാ ഭൂഷണം

   B വൃത്തമഞ്ജരി

   C ഋഗ്വേദ പരിഭാഷ

   മുൻ സിൻഡിക്കേറ്റ് തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.
3. 'ശബ്ദതാരാവലി' രണ്ടാം പതിപ്പിന്റെ പ്രസിദ്ധീകരണം

   ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള രചിച്ച മലയാളത്തിലെ പ്രശസ്തമായ നിഘണ്ടുവായ ശബ്ദതാരാവലി രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നതിന് പബ്ലിക്കേഷൻ ഓഫീസർ സമർപ്പിച്ച പ്രപ്പോസൽ അംഗീകരിക്കുന്നതിനും, 100 കോപ്പി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള ഏകദേശ ചെലവായ 1,70,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും തീരുമാനിച്ചു. കൂടാതെ
4. തീർത്ഥപാദപുരാണം ക്യൂറേഷ്യൻ ജോലികൾ കൂടുതൽ ആളുകളെ ഏല്പിച്ച് ഒരു വാല്യത്തിന് രണ്ട് ദിവസം വീതം 700/- രൂപ ദിവസ വേതന നിരക്കിൽ ജോലി ഭാരം കണക്കാക്കി പ്രതിഫലം നൽകാനുള്ള അനുമതി വേണമെന്ന സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെ ആവശ്യം അംഗീകരിച്ചു.

**Item No. 7**

യൂണിവേഴ്സിറ്റി കാമ്പസിനുള്ളിൽ ഒരു ഫുൾ ക്ലൈമാറ്റിക് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകിയ കത്തിൽ തീരുമാനമെടുക്കുന്നത് -സംബന്ധിച്ച് (No. 01201/EST2/SSUS/2025(1))

വിഷയം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 8**

Face Recognition Technology ഉപയോഗിച്ചുള്ള ബയോമെട്രിക് പഞ്ചിങ് സംവിധാനം സർവകലാശാലയുടെ മുഖ്യകേന്ദ്രത്തിലും പ്രാദേശിക കേന്ദ്രത്തിലും നടപ്പിലാക്കുന്നത് സംബന്ധിച്ച് (No. 02050/EST1/SSUS/2025(1))

മാറ്റിവച്ചു.

**Item No. 9**

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ നിർത്തലാക്കിയ കോഴ്സുകൾ പുന:രാരംഭിക്കുന്നതും, പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള ക്യാമ്പസ് ഡയറക്ടറുടെ അപേക്ഷ (No. 00291/ACDB1/SSUS/2025(1))

പ്ലാനിംഗ് & ഡവലപ്മെന്റ് കമ്മിറ്റിയുടേയും, അക്കാദമിക് & റിസർച്ച് കമ്മിറ്റിയുട്ടേയം പരിഗണയ്ക്ക് വയ്ക്കാൻ തീരുമാനിച്ചു.

**Item No. 10**

സർവകലാശാല ഫൈൻ ആർട്സ് കോംപ്ലക്സിന്റെ മുകൾ നിലയിൽ 30 ക്ലാസ് റൂമുകൾ അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് -FIT തയ്യാറാക്കിയ പരിഷ്കരിച്ച DPR അംഗീകാരം - സംബന്ധിച്ച് (No. 02462/ ENGG1/ SSUS/2023(1))

ഫൈൻ ആർട്സ് ബ്ലോക്കിന്റെ മുകളിൽ 30 ക്ലാസ് മുറികൾ പണിയുന്നതിന് സർവകലാശാല തിരഞ്ഞെടുത്ത അക്രഡിറ്റഡ് ഏജൻസിയായ FIT സമർപ്പിച്ച അന്തിമ പ്ലാനും 11.40 കോടി രൂപയുടെ DPR ഉം അംഗീകരിക്കുവാനും, പ്രവൃർത്തിക്ക് ഭരണാനുമതി നൽകുവാനും തീരുമാനിച്ചു.

**Item No. 11**

സർവകലാശാലയിൽ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിന്റെയും, മറ്റ് വികസന പദ്ധതികളുടേയും ആംഫി തീയറ്ററിന്റെയും ഉദ്ഘാടനം മാർച്ച് ഒന്ന്/രണ്ട് വാരം നടത്താൻ തീരുമാനിച്ചു.

**Item No. 12**

പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ Wi-Fi കണക്ഷൻ ഈ സാമ്പത്തിക വർഷത്തിൽ തന്നെ അടിയന്തിരമായി അനുവദിക്കാൻ തീരുമാനിച്ചു.

**Item No. 13**

വിദ്യാർത്ഥി പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, 2023-24, 2024-25 വർഷങ്ങളിലെ യൂണിവേഴ്സിറ്റി കലോത്സവത്തിന്റെ ബാക്കിയുള്ള ബിൽ തുക അനുവദിക്കാൻ തീരുമാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**